# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3254 24.02.2016-ൽ മറുപടിയ്ക്ക്

### നിയമവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം

**ചോദ്യം**

ശ്രീ. എളമരം കരീം
ശ്രീ. ജെയിംസ് മാത്യു
ശ്രീ. എ. പ്രദീപ് കുമാർ
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

**മറുപടി**

രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി)

(എ) യു.എ.പി.എ നിയമം, സംസ്ഥാനത്ത് രാഷ്ട്രീയമായും വൈരനിര്യാതന ബുദ്ധിയോടെയും ഉപയോഗപ്പെടുത്തുന്നതു മൂലം ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ കണക്കിലെടുത്തിട്ടുണ്ടോ ; നിരപരാധികൾക്കെതിരെ യു.എ.പി.എ നിയമം ഉപയോഗിക്കുന്നത് ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കാമോ ;

(എ) യു.എ.പി.എ. നിയമം സംസ്ഥാനത്ത് ഇത്തരത്തിൽ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിയമവിധേയമായി പ്രവർത്തിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നേതാക്കളെയും പ്രവർത്തകരെയും അമർച്ച ചെയ്യുന്നതിനായി, അവർക്കെതിരെ ഭീകരവിരുദ്ധ നിയമം ഉപയോഗിക്കുന്നത് അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) വ്യക്തികളുടെയും സംഘടിത ഗ്രൂപ്പുകളുടെയും കുറ്റകരമായ പ്രവർത്തനത്തിന്റെ സ്വഭാവമാണ് പ്രസ്തുത കുറ്റം ഏതു നിയമത്തിന്റെ പരിധിയിൽ വരുന്നു എന്ന് നിശ്ചയിക്കുന്നത്.

(സി) നിയമവ്യവസ്ഥകൾ ലംഘിച്ച്, കൊലപാതക കേസുകളെപ്പോലും ഭീകരപ്രവർത്തനമായി വ്യാഖ്യാനിച്ച് യു.എ.പി.എ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടോ ;

(സി) ചില കൊലപാതകങ്ങളിൽ യു.എ.പി.എ. ചുമത്തിയതിനെ ബഹു. ഹൈക്കോടതി ശരി വച്ചിട്ടുണ്ട്.

(ഡി) ഇന്ത്യൻ പീനൽ കോഡിന്റെയും ക്രിമിനൽ പ്രൊസീജിയർ കോഡിന്റെയും പരിധിയിലുള്ള കുറ്റകൃത്യങ്ങളിൽ യു.എ.പി.എ. കൂടി ചുമത്തി കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നതായ എത്ര ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്; വിശദമാക്കുമോ?

(ഡി) യു.എ.പി.എ.-ക്കെതിരെ PFI, CPI (Maoist) തുടങ്ങിയ പല സംഘടനകളും പരാതി ഉന്നയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ